# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1595       14.12.2012- ൽ മറുപടിക്ക്

## കിസാൻ അഭിമാൻ പദ്ധതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. എസ്. രാജേന്ദ്രൻ | | ശ്രീ. കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| എ | കിസാൻ അഭിമാൻ പദ്ധതി പ്രകാരം സംസ്ഥാനത്തെ നെൽ കർഷകർക്ക് നൽകി വരുന്ന പെൻഷൻ വിതരണത്തിൽ കുടിശ്ശിക വന്നിട്ടുണ്ടോ; എങ്കിൽ, എന്നു മുതലുള്ള കുടിശ്ശികയാണ് നിലവിലുള്ളതെന്നറിയിക്കാമോ; | എ & ബി | ഉണ്ട്. കിസാൻ - അഭിമാൻ പദ്ധതി പ്രകാരം സംസ്ഥാനത്തെ നെൽ കർഷകർക്ക് നൽകി വരുന്ന പെൻഷൻ തുക പ്രതിമാസം 300 രൂപ നിരക്കിലാണ് നൽകിയിട്ടുള്ളത്. ഈ നിരക്കിൽ കിസാൻ അഭിമാൻ പദ്ധതി ഗുണഭോക്താക്കൾക്ക് 2012 ഫെബ്രുവരി മാസം വരെയുള്ള പെൻഷൻ തുക നൽകിയിട്ടുണ്ട്.<br><br>2012 മാർച്ച് മാസം മുതൽ കിസാൻ-അഭിമാൻ ഗുണഭോ ക്താക്കളെയും കൂടി ഉൾപ്പെടുത്തി ചെറുകിട - നാമമാത്ര കർഷക പെൻഷൻ പദ്ധതി എന്ന പേരിൽ പുതിയ പദ്ധതിയാണ് നടപ്പിലാക്കി വരുന്നത്. പ്രതിമാസം 400 രൂപ നിരക്കിലാണ് ഈ പദ്ധതിയിൽ പെൻഷൻ നൽകുന്നത് 2012 മാർച്ച് - ഏപ്രിൽ മാസങ്ങളിലെ പെൻഷൻ തുക പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ മുഖേന കർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകി തുടങ്ങി. 2012 മെയ് മാസം മുതൽ പെൻഷൻ തുക കുടിശ്ശിക നൽകുവാനുണ്ട്. |
| ബി | പ്രസ്തുത പദ്ധതി പ്രകാരം നെൽകർഷകർക്ക് എന്ത് തുകയാണ് പെൻഷനായി നൽകുന്നതെന്നറിയിക്കാമോ; | | |
| സി | പദ്ധതി പ്രകാരമുള്ള കടിശ്ശിക തുക നൽകുന്നതിനായി എന്ത് തുക നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്; | സി | കിസാൻ- അഭിമാൻ പദ്ധതി എന്ന പേരിലുള്ള പെൻഷൻ പദ്ധതി നിലവിലില്ല. അതിനാൽ ഈ പദ്ധതിക്ക് നടപ്പു സാമ്പത്തിക വർഷം ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ല. എന്നാൽ ചെറുകിട- നാമമാത്ര കർഷക പെൻഷൻ പദ്ധതി നടത്തിപ്പിനായി 2011-12 , 2012-13 വർഷങ്ങളിലായി 20 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| ഡി | നെൽകർഷകർക്കുൾപ്പെടെ എല്ലാ ചെറുകിട നാമമാത്ര കർഷകർ ക്കും 400 രൂപാ വീതം നൽകി വരുന്ന പെൻഷൻ പദ്ധതി പ്രകാരമുള്ള തുക കർഷകർക്ക് വിതരണം ചെയ്ത് തുടങ്ങിയോ; എങ്കിൽ ഏത് മാസം മുതലാണ് എന്ന് വ്യക്തമാ ക്കാമോ ? | ഡി | 2012 മാർച്ച്- ഏപ്രിൽ മാസങ്ങളിലെ പെൻഷൻ തുക കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് നൽകുന്നതി നുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. 12320 കർഷകരുടെ അക്കൗണ്ടിലേക്ക് കൃഷി ഡയറക്ടറുടെ അക്കൗണ്ടിൽ നിന്നും നേരിട്ട് പെൻഷൻ നൽകി കഴിഞ്ഞു.195524 കർഷകർക്ക് പ്രിൻസിപ്പൽ കൃഷി ഓഫീസർമാ രുടെ അക്കൗണ്ടു കൾ മുഖേന ഇ- പെയ്മെന്റ് വഴി നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ